(ബി) ഇക്കാര്യത്തിന്മേൽ നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അതാത് തസ്തികയിൽ 4 വർഷം സർവീസും അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയും കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന അസിസ്റ്റന്റ് ഗ്രേഡ് 2 മത്സരപരീക്ഷയിൽ കുറഞ്ഞത് 40% മാർക്കുമാണ് തസ്തികമാറ്റം വഴി അസിസ്റ്റന്റ് ഗ്രേഡ്-2 ആയി നിയമനത്തിന് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നിലവിലുള്ള നിബന്ധന. ഇതൊഴിവാക്കാനുള്ള നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

30 (2133) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് സർവന്റിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(സി) എത്ര വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; അവർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ടോ ;

(ഡി) നിയമന ഉത്തരവ് ലഭിച്ചിട്ടും ജോലിക്ക് ഹാജരാകാതെയുള്ള എൻ.ജെ.ഡി. ഒഴിവുകൾ എത്രയുണ്ട് ; പ്രസ്തുത ഒഴിവുകളിൽ വീണ്ടും നിയമന ഉത്തരവിന് ശുപാർശ നൽകിയിട്ടുണ്ടോ ;

(ഇ) തിരുവനന്തപുരം ജില്ലാ കോടതിയിൽ നിന്നും 5 മാസം മുമ്പ് നൽകിയ ഒഴിവുകളിൽ പി. എസ്. സി. തുടർ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനം

31 (2134) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റിന്റെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ; ഇതിന്റെ കാലാവധി എന്നവസാനിക്കും എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കാമോ ;

(സി) ജില്ലയിൽ ആകെ എത്ര ലാസ്റ്റ് ഗ്രേഡ് തസ്തികകളുണ്ടെന്നും എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്നും എത്ര സ്ഥിരം ജീവനക്കാർ ഉണ്ടെന്നും വകുപ്പുതിരിച്ചും ഓഫീസ് തിരിച്ചുമുള്ള കണക്ക് വ്യക്തമാക്കാമോ ;

(ഡി) ജില്ലയിലെ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. വഴി എന്നത്തേക്ക് നിയമനം നടത്താൻ കഴിയും എന്ന് വ്യക്തമാക്കാമോ ; എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റുകൾ

32 (2135) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എത്ര പി.എസ്.സി. ലിസ്റ്റുകൾ ഇപ്പോൾ നിലവിലുണ്ട് ; ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റുകളിൽനിന്നും ഇപ്പോൾ നിയമനം നടത്തുന്നുണ്ടോ ;

(സി) പി.എസ്.സി. അഡ്വൈസ് മെമ്മോ ലഭിച്ചിട്ടും നിയമനം ലഭിക്കാത്തവർ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവരെ എത്രയും പെട്ടെന്ന് നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

കുറ്റകൃത്യങ്ങൾ തടയാൻ എടുത്ത നടപടികൾ

33 (2137) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളായ കുട്ടികളെ തട്ടിക്കൊണ്ട് പോകൽ, സ്ത്രീകളെ അപമാനിക്കൽ, മാനഭംഗപ്പെടുത്തൽ എന്നിവ തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ചെറിയ കുട്ടികളെ തട്ടിക്കൊണ്ടുപോയി ഭിക്ഷാടനത്തിന് ഉപയോഗിക്കുന്ന മാഫിയാ സംഘങ്ങൾ സംസ്ഥാനത്ത് പലഭാഗങ്ങളിലും പ്രവർത്തിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly